**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2317 — 17.08.2017-ൽ മറുപടിയ്ക്ക്

**വിദേശത്ത് പഠിക്കുന്ന പട്ടികജാതി /പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് സ്കോളർഷിപ്പ്**

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| ശ്രീ.പി.ടി. തോമസ്<br>ശ്രീ.വി.ടി.ബൽറാം | | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി) | |
| (എ) | വിദേശത്ത് പഠിക്കുന്ന പട്ടിക ജാതി /പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് സ്കോളർഷിപ്പ് ഉൾപ്പെടെയുള്ള വിദ്യാഭ്യാസാനുകൂല്യം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം; ഈ മാനദണ്ഡങ്ങൾ പുതുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം; | (എ) | 2/7/2009 ലെ ജി.ഒ.(എം.എസ്)50/09/പജപവവിവ ഉത്തരവിൽ വിദേശപഠനത്തിന് വിദ്യാഭ്യാസാനുകൂല്യം അനുവദിക്കണമെന്ന ആവശ്യം ഓരോ അപേക്ഷയുടെയും മെരിറ്റ് പരിഗണിച്ച് യഥാസമയം യുക്തമായ തീരുമാനം സർക്കാർ കൈക്കൊള്ളുന്നതാണ് എന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. ഇക്കാര്യത്തിൽ വ്യക്തമായ മാനദണ്ഡങ്ങൾ രൂപീകരിക്കുന്ന കാര്യം പരിശോധിച്ചുവരികയാണ്. |
| (ബി) | ഇത്തരത്തിൽ വിദ്യാഭ്യാസാനുകൂല്യം ലഭിക്കുന്നതിനുള്ള എത്ര അപേക്ഷകളാണ് തീർപ്പാകാതെ അവശേഷിക്കുന്നത്; ഇതിനുള്ള കാരണം വ്യക്തമാക്കുമോ; ഈ അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനു സ്വീകരിച്ച നടപടികൾ എന്തെല്ലാം? | (ബി) | 4 വിദ്യാർത്ഥികളുടെ അപേക്ഷകളിൽ തീരുമാനം എടുക്കേണ്ടതായുണ്ട്. ടി അപേക്ഷകളിന്മേൽ ഉടൻതന്നെ തീരുമാനം കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ